I ഇ.ബി. XIV-കേരള നിയമസഭ/XIX-2

## പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2020 മാർച്ച് 03, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയം

പെരിയ ഇരട്ട കൊലപാതകം

മി. സ്പീക്കർ: പെരിയയിൽ യൂത്ത് കോൺഗ്രസ് പ്രവർത്തകരായ കൃപേഷിനേയും ശരത്‌ലാലിനേയും കൊലപ്പെടുത്തിയ കേസിൽ സി.ബി.ഐ. അന്വേഷണം അട്ടിമറിക്കാനും കുറ്റവാളികളെ രക്ഷിക്കാനും സർക്കാർ നടത്തുന്ന ശ്രമങ്ങൾമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഷാഫി പറമ്പിൽ, കെ. എൻ. എ. ഖാദർ, റോഷി അഗസ്റ്റിൻ, അനൂപ് ജേക്കബ് എന്നീ

അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 2019 ഫെബ്രുവരി 17-ന് കാസർഗോഡ് കല്ലിയോട്ട് രണ്ട് യുവാക്കൾ കൊല്ലപ്പെട്ട സംഭവത്തിന്റെ ഗൗരവം കണക്കിലെടുത്ത് ക്രൈംബ്രാഞ്ച് റീ-രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും കേസിലുൾപ്പെട്ട പതിനാല് പ്രതികളെയും അറസ്റ്റ് ചെയ്യുകയും സംഭവത്തിലുൾപ്പെട്ട വാഹനങ്ങൾ കസ്റ്റഡിയിലെടുക്കുകയും തൊണ്ണൂറ് ദിവസത്തിനുള്ളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. രക്ഷകർത്താക്കൾ സമർപ്പിച്ച റിട്ട് പെറ്റീഷനിൽ കുറ്റപത്രം റദ്ദ് ചെയ്ത് കേസന്വേഷണം സി.ബി.ഐ.-യ്ക്ക് കൈമാറിയ സിംഗിൾ ബെഞ്ച് ഉത്തരവിനെതിരെ ഫയൽ ചെയ്ത അപ്പീലിൽ ഹൈക്കോടതി ഡിവിഷൻ ബെഞ്ച് വാദം കേട്ടശേഷം ഉത്തരവിനായി മാറ്റി വച്ചിരിക്കുകയാണ്. സി.ബി.ഐ. അന്വേഷണ ഉദ്യോഗസ്ഥൻ എറണാകുളം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി മുമ്പാകെ ഫയൽ ചെയ്ത സ്റ്റാറ്റസ് റിപ്പോർട്ടിൽ ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്.

ശ്രീ. ഷാഫി പറമ്പിൽ: പെരിയ ഇരട്ടകൊലക്കേസ് സി.ബി.ഐ.-യ്ക്ക് കൈമാറി അഞ്ച് മാസം കഴിഞ്ഞിട്ടും കേസ് ഡയറിയും രേഖകളും കൈമാറാൻ ക്രൈംബ്രാഞ്ച് തയ്യാറാകാത്തത് അത്യന്തം ഗൗരവതരമാണ്. ഒരാഴ്ചത്തെ സമയം അനുവദിച്ചാൽ രേഖകൾ കൈമാറാമെന്ന് ഒക്ടോബർ മാസത്തിൽ ഡി.ജി.പി.

സത്യവാങ്മൂലം നൽകിയിരുന്നതാണ്. കേസന്വേഷണത്തിൽ വിശ്വാസ്യതയില്ലെന്ന് അഭിപ്രായപ്പെട്ടുകൊണ്ടാണ് സി.ബി.ഐ. അന്വേഷണത്തിന് കോടതി ഉത്തരവിട്ടത്. പാർട്ടിനേതാക്കൾ പ്രതികളായ കേസിൽ കുറ്റവാളികളുടെ സംരക്ഷകരായി സർക്കാർ മാറുന്നത് നീതികേടാണ്. പോലീസിന്റെ അന്വേഷണ റിപ്പോർട്ട് തള്ളി സി.ബി.ഐ. അന്വേഷണത്തിന് കോടതി ഉത്തരവിറക്കിയിട്ടും കേസ് അട്ടിമറിക്കാനും കേസ് ഡയറിയടക്കമുള്ള നിർണ്ണായക രേഖകൾ സി.ബി.ഐ.-യ്ക്ക് കൈമാറാതെ കുറ്റവാളികളെ രക്ഷിക്കാനുമുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. ഗുരുതരമായ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): വസ്തുതാവിരുദ്ധമായ കാര്യങ്ങളാണ് ഇവിടെ സൂചിപ്പിച്ചത്. സംസ്ഥാനത്ത് പോലീസ് റിപ്പോർട്ടനുസരിച്ചാണ് കേസുകൾ തീർപ്പാക്കുന്നത്. പെരിയ കേസുമായി ബന്ധപ്പെട്ട ഹൈക്കോടതി വിധിയിൽ യോജിപ്പില്ലാത്തതുകൊണ്ടാണ് അപ്പീലിന് പോയത്. ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ സമർപ്പിക്കാൻ സർക്കാരിന് അവകാശമുണ്ട്. നിയമസംഹിതയനുസരിച്ച് സ്വീകരിക്കാവുന്ന നടപടിയാണ് ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ചിട്ടുള്ളത്. പെരിയ കേസിൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കാൻ യാതൊരു തടസ്സവുമില്ല. ഹൈക്കോടതി വിധിക്കെതിരെയുള്ള

അപ്പീലിന്മേൽ കോടതി തീരുമാനം വന്നതിനുശേഷം മാത്രമേ മറ്റ് നടപടികളിലേയ്ക്ക് കടക്കാൻ കഴിയുകയുള്ളൂ. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സ്പീക്കറുടെ ഡയസ്സിന് സമീപം വന്നുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ ചെയറിൽനിന്നും എഴുന്നേറ്റുനിൽക്കുകയും അദ്ദേഹത്തിന്റെ അഭ്യർത്ഥനയെത്തുടർന്ന് സ്വസ്ഥാനങ്ങളിലേയ്ക്ക് തിരിച്ചുപോകുകയും ചെയ്തു.)

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, പി. ജെ. ജോസഫ്, ഒ. രാജഗോപാൽ, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധ ക്ഷണിക്കൽ

### കലാലയ വിദ്യാർത്ഥികളുടെ സംഘടനാ സ്വാതന്ത്ര്യം

ശ്രീ. എം. സ്വരാജ്: കേന്ദ്രസർക്കാരിന്റെയും സ്വകാര്യ-സ്വാശ്രയ

സ്ഥാപനങ്ങളുടെയും തെറ്റായ നടപടികൾമൂലം കലാലയ വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സംഘടനാസ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നതിനും വിദ്യാർത്ഥികളുടെ ജനാധിപത്യ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും തയ്യാറാകണം. ക്യാമ്പസുകളിലെ സംഘടനാ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൊണ്ടുവരാനുദ്ദേശിക്കുന്ന ബില്ലിൽ സംഘടനാ സ്വാതന്ത്ര്യവും വിദ്യാർത്ഥി യൂണിയനുകളുടെ പ്രവർത്തനവും ഉറപ്പുവരുത്തുന്നതോടൊപ്പം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വർഗ്ഗീയ സംഘടനകളുടെ കടന്നുകയറ്റം ചെറുക്കുന്നതിനുള്ള വ്യവസ്ഥകളും ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. വി. ടി. ബൽറാം: സംസ്ഥാനത്തെ കലാലയങ്ങളിൽ വിദ്യാർത്ഥികളുടെ സംഘടനാസ്വാതന്ത്ര്യം സംരക്ഷിക്കാനും യൂണിയൻ പ്രവർത്തനം നിയമവിധേയമാക്കുന്നതിന് നിയമനിർമ്മാണമുൾപ്പെടെയുള്ള സാധ്യതകൾ പ്രയോജനപ്പെടുത്താനും വിദ്യാർത്ഥി രാഷ്ട്രീയത്തെയും സംഘടനാ പ്രവർത്തനത്തെയും നിഷേധിക്കുന്ന ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ നൽകാനും നടപടി സ്വീകരിക്കണം.

(രണ്ട് ശ്രദ്ധ ക്ഷണിക്കലും സമാന സ്വഭാവമുള്ളതായതിനാൽ ബഹുമാനപ്പെട്ട മന്ത്രി ഒരുമിച്ച് മറുപടി നൽകി.)

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ വിദ്യാർത്ഥികളുടെ അവകാശങ്ങളെ നിയന്ത്രിക്കുന്ന നടപടികൾ നിർദ്ദേശിക്കുന്നുണ്ടെങ്കിലും രാഷ്ട്രീയമോ മറ്റേതെങ്കിലും വിഷയത്തിലോ വിയോജിക്കാനുള്ള അവകാശത്തെ നിഷേധിച്ചിട്ടില്ലാത്തതിനാൽ വിദ്യാർത്ഥികളുടെ ക്ഷേമത്തിനും പരാതികൾ പരിഹരിക്കുന്നതിനും ഫോറങ്ങൾ രൂപീകരിച്ച് വിദ്യാർത്ഥി യൂണിയൻ പ്രവർത്തനത്തെ നിയമവിധേയമാക്കുന്നതിന് കോടതിവിധി തടസ്സമാകില്ലെന്നാണ് സർക്കാർ കരുതുന്നത്. ക്യാമ്പസ്സുകളിൽ സംഘടനാ പ്രവർത്തനം നിയമവിധേയമാക്കുന്നത് സംബന്ധിച്ച ബിൽ സർക്കാർ തയ്യാറാക്കിവരുന്ന കാര്യം കോടതിയെ അറിയിച്ചിട്ടുണ്ട്. സംഘടനാപ്രവർത്തനം ദുർബലമായ ക്യാമ്പസുകളിൽ വർഗ്ഗീയ സംഘടനകളുടെ കടന്നുകയറ്റം തടയുന്നതിന് നിയമാനുസൃതമുള്ള വിദ്യാർത്ഥിസംഘടനകളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്. കോടതിവിധിയുടെ പശ്ചാത്തലത്തിൽ ആവശ്യമായ നിയമോപദേശം തേടി വിദ്യാർത്ഥികളുടെ ജനാധിപത്യാവകാശങ്ങൾ സംരക്ഷിക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

## III സബ്മിഷൻ

(1) ദേവനന്ദയുടെ മരണം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): കൊല്ലം ജില്ലയിലെ ദേവനന്ദയുടെ ദുരൂഹമരണം സംബന്ധിച്ച് ഉന്നതതല അന്വേഷണം നടത്തണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കൊല്ലം ജില്ലയിൽ പ്രദീപ്-ധന്യ ദമ്പതികളുടെ മകൾ ദേവനന്ദയെ കാണാതായപ്പോൾത്തന്നെ കണ്ണനല്ലൂർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും വിവിധ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് ജാഗ്രതാസന്ദേശം അയയ്ക്കുകയും ട്രാക് ചൈൽഡിൽ വിവരം നൽകുകയും സമൂഹമാധ്യമങ്ങളിൽ കുട്ടിയുടെ വിവരങ്ങൾ പ്രചരിപ്പിക്കുകയും 13 അംഗ അന്വേഷണസംഘം രൂപീകരിച്ച് വിവിധ യൂണിറ്റുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി തെരച്ചിൽ നടത്തുകയും പരിസരത്തെ സി.സി.ടി.വി. ദൃശ്യങ്ങൾ പരിശോധിക്കുകയും ചെയ്തു. കുഞ്ഞിനെ ജീവനോടെ കണ്ടെത്താനുള്ള ശ്രമങ്ങൾ നടത്തിയെങ്കിലും വീടിന് സമീപത്തെ പുഴയിൽനിന്ന് കുട്ടിയുടെ മൃതദേഹം കണ്ടെത്തുകയാണുണ്ടായത്. പോസ്റ്റുമോർട്ടത്തിൽ മുങ്ങിമരണമെന്നാണ് പ്രാഥമിക നിഗമനം. കുട്ടി ഏതെങ്കിലും തരത്തിൽ പീഡിപ്പിക്കപ്പെട്ടിട്ടുണ്ടോയെന്നറിയാൻ ശാസ്ത്രീയ തെളിവുകൾ ശേഖരിച്ച് പരിശോധനകൾക്ക് അയച്ചിട്ടുണ്ട്; അന്വേഷണം തുടരുകയാണ്. ഒറ്റപ്പെട്ട നിലയിൽ കുട്ടികളെ കണ്ടാൽ ശ്രദ്ധിക്കണമെന്ന്

പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള അപകടങ്ങളുണ്ടാകാതിരിക്കാൻ ജാഗ്രതയുണ്ടാകണം.

(2) കോട്ടയം ടെക്സ്റ്റയിൽസിന്റെ പ്രവർത്തനം

ശ്രീ. മോൻസ് ജോസഫ്: കോട്ടയം ടെക്സ്റ്റയിൽസിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിനും ജീവനക്കാരുടെ കുടിശ്ശിക ശമ്പളം നൽകുന്നതിനും വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിക്കുന്നതിനും സ്കൂൾ കുട്ടികൾക്ക് കൈത്തറി യൂണിഫോറം നൽകുന്നതിനും നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സാമ്പത്തിക പ്രതിസന്ധിക്കിടയിലും കോട്ടയം ടെക്സ്റ്റയിൽസിന്റെ പ്രവർത്തനത്തിന് 8 കോടി രൂപ സർക്കാർ അനുവദിച്ചു. ഒരു വിഭാഗം ജീവനക്കാർ രാത്രി ഷിഫ്റ്റിൽ ജോലി ചെയ്യാൻ സന്നദ്ധരാകാത്തതും വൈദ്യുതി വിച്ഛേദിച്ചതും മില്ലിന്റെ പ്രവർത്തനം പൂർണ്ണമായും നിലയ്ക്കാനിടയാക്കി. ഈ സാമ്പത്തികവർഷം മിൽ നവീകരണത്തിനായി ഭരണാനുമതി നൽകിയ 700 ലക്ഷം രൂപ അടിയന്തരമായി ലഭ്യമാക്കുന്നതിനും മിൽ തുറന്നുപ്രവർത്തിപ്പിക്കുന്നതിനും വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. കുട്ടികൾക്ക് കൈത്തറി യൂണിഫോറം നൽകുന്നതിനുള്ള തുക വ്യവസായ വകുപ്പിൽ ലഭ്യമായിട്ടുണ്ട്. തൊഴിലാളികളുടെ ശമ്പള കുടിശ്ശിക രണ്ട് ദിവസത്തിനകം

കൊടുത്തുതീർക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(3) മാത്തൂർ-പിരായിരി-കോട്ടായി കുടിവെള്ള പദ്ധതി

ശ്രീ. ഷാഫി പറമ്പിൽ: മാത്തൂർ-പിരായിരി-കോട്ടായി കുടിവെള്ള പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): പാലക്കാട് ജില്ലയിലെ മാത്തൂർ-പിരായിരി-കോട്ടായി പഞ്ചായത്തുകൾക്കായി കണ്ണാടിപ്പുഴ സ്രോതസ്സായുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയെങ്കിലും ഫണ്ടിന്റെ ലഭ്യതക്കുറവുമൂലം നടപ്പിലാക്കാൻ സാധിച്ചില്ല. മൂത്താൻതറ ഉന്നതതല ജലസംഭരണിയിൽനിന്നും പ്രത്യേക പൈപ്പ് ലൈൻ സ്ഥാപിച്ച് ജലവിതരണം നടത്തുന്നതിന് ശുദ്ധീകരണശാലയും ടാങ്കും നിർമ്മിക്കുന്ന പദ്ധതി സ്റ്റേറ്റ് പ്ലാനിലും വിതരണശൃംഖല ശക്തിപ്പെടുത്തുന്ന പ്രവൃത്തികൾ ജൽജീവൻ മിഷനിലും ഉൾപ്പെടുത്തി നടപ്പിലാക്കാൻ ശ്രമിക്കുന്നതാണ്.

(4) ഭൂമി പ്രശ്നങ്ങൾ

ശ്രീ. എസ്. രാജേന്ദ്രൻ: ഇടുക്കി ജില്ലയിലെ ഭൂമിപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): ഈ പ്രശ്നവുമായി ബന്ധപ്പെട്ട വിവിധ കേസുകൾ ഹൈക്കോടതിയുടെയും നാഷണൽ

ഗ്രീൻ ട്രിബ്യൂണലിന്റെയും സജീവ പരിഗണനയിലാണ്. വിജിലൻസ് വകുപ്പ് ഡയറക്ടറുടെ ശിപാർശപ്രകാരം ദേവികുളം താലൂക്കിലെ പള്ളിവാസൽ വില്ലേജിൽ പട്ടയവ്യവസ്ഥകൾ ലംഘിച്ച് നിർമ്മിച്ച മൂന്ന് ബഹുനില കെട്ടിടങ്ങൾ സ്ഥിതിചെയ്യുന്ന ഭൂമിയുടെ തണ്ടപ്പേര് റദ്ദുചെയ്ത് ഭൂമി ഏറ്റെടുക്കുന്നതിന് ഇടുക്കി ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ വിഷയത്തിന്മേലുള്ള കോടതി ഉത്തരവുകളും ഇടുക്കി ജില്ലയിലെ ജനങ്ങളുടെ ആശങ്കകളും പരിഗണിച്ച് ഇക്കാര്യത്തിൽ സ്വീകരിക്കാവുന്ന നടപടികൾ സംബന്ധിച്ച് അഡ്വക്കേറ്റ് ജനറൽ, ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥർ എന്നിവരുമായി ചർച്ചചെയ്ത് തീരുമാനം കൈക്കൊള്ളുന്നതാണ്.

### (5) ഡി. ബാബുപോളിന് സ്മാരകം

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: കുറുപ്പംപടിയിൽ ഡോ. ബാബുപോളിന് സ്മാരകം പണിയുന്നതിനും പൂർണ്ണകായ പ്രതിമ സ്ഥാപിക്കുന്നതിനും ഐ.എ.എസ്. അക്കാഡമി സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): കുറുപ്പംപടിയിൽ ആധുനിക നിലവാരത്തിലുള്ള ഷോപ്പിംഗ് കോംപ്ലക്സും മിനി ടൗൺഹാളുമുൾപ്പെടെയുള്ള നിർമ്മാണത്തിനായി ഒരു കോടി രൂപ അടങ്കലിൽ പ്രാരംഭ നടപടികളും മൂന്നുകോടിയോളം രൂപയുടെ നിർമ്മാണച്ചെലവിന് ലോൺ

ലഭ്യമാക്കുന്നതിനുള്ള നടപടികളും പഞ്ചായത്ത് ആരംഭിച്ച സാഹചര്യത്തിൽ പഞ്ചായത്തിന്റെ 15 സെന്റ് സ്ഥലം സ്മാരകവും പൂർണ്ണകായ പ്രതിമയും പണിയുന്നതിനും ഐ.എ.എസ്. അക്കാഡമി സ്ഥാപിക്കുന്നതിനും ലഭ്യമാക്കാൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്.

(6) കന്നിമേൽ കുടിവെള്ള പദ്ധതി

ശ്രീ. ആർ. രാജേഷ്: മാവേലിക്കര നിയോജകമണ്ഡലത്തിലെ തഴക്കര ഗ്രാമപഞ്ചായത്തിലെ കന്നിമേൽ കുടിവെള്ള പദ്ധതി അടിയന്തരമായി ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): തഴക്കര ഗ്രാമപഞ്ചായത്തിലെ കന്നിമേൽ കുടിവെള്ള പദ്ധതിക്ക് വിവിധ ഘട്ടങ്ങളിലായി ഗ്രാമപഞ്ചായത്ത് 66,99,500/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. കിണർ, ഉന്നതതല ജലസംഭരണി എന്നിവ സ്ഥാപിക്കുന്നതിനായി തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് മണ്ണ് പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കിയതിന്റെയടിസ്ഥാനത്തിൽ ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കിവരികയാണ്. 2020 ഏപ്രിൽ മാസത്തോടുകൂടി ടെണ്ടർ ക്ഷണിക്കാൻ കഴിയുന്നതാണ്.

## (7) റോഡ് പുനർനിർമ്മാണം

ശ്രീ. കെ. സി. ജോസഫ്: വെള്ളാട് - കരുവഞ്ചാൽ റോഡ് പുനർനിർമ്മാണത്തിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): വെള്ളാട്-കരുവഞ്ചാൽ റോഡ് പുനർനിർമ്മാണത്തിന് ടെണ്ടർ ക്ഷണിച്ചെങ്കിലും സ്ഥലം ലഭ്യമാകാത്തതിനാൽ കാലതാമസമുണ്ടായി. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി പുതിയ ടെണ്ടർ തുകയേക്കാൾ കൂടുതൽ തുക ആവശ്യപ്പെട്ടിട്ടുണ്ടെന്നാണ് ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട്. ടെണ്ടർ തുകയെക്കാൾ പത്ത് ശതമാനത്തിൽ കൂടുതൽ ചെലവ് വന്നാൽ ഗവൺമെന്റാണ് വഹിക്കേണ്ടതെന്നുള്ളതിനാൽ പരിശോധിച്ച് അനുകൂല നിലപാട് സ്വീകരിക്കുന്നതാണ്.

## (8) വിദേശരാജ്യങ്ങളിൽ കുടുങ്ങിക്കിടക്കുന്ന മത്സ്യത്തൊഴിലാളികളെ തിരികെയെത്തിക്കൽ

ശ്രീ. എം. വിൻസെന്റ്: കൊറോണ പടർന്നുപിടിച്ച ഇറാൻ ഉൾപ്പെടെയുള്ള വിദേശരാജ്യങ്ങളിൽ കുടുങ്ങിക്കിടക്കുന്ന കേരളത്തിൽനിന്നുള്ള മത്സ്യത്തൊഴിലാളികളെ തിരികെയെത്തിക്കാൻ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): ഇറാനിൽ കൊറോണ പടർന്നുപിടിച്ച സാഹചര്യത്തിൽ അവിടെ അകപ്പെട്ട മത്സ്യത്തൊഴിലാളികളെ നാട്ടിലെത്തിക്കുന്നതിനായി മുഖ്യമന്ത്രി കേന്ദ്ര സർക്കാരിന് കത്തയയ്ക്കുകയും മറ്റെല്ലാ മേഖലകളിലുമുള്ള പ്രവാസികളെ നാട്ടിലെത്തിക്കുന്നതിനായി നോർക്ക വകുപ്പ് ബന്ധപ്പെട്ട അധികൃതരുടെ സഹായം തേടുകയും ഭൂരിഭാഗം പ്രവാസികളെയും നാട്ടിലെത്തിക്കാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. വിദേശരാജ്യങ്ങളിൽ അകപ്പെട്ട ഇന്ത്യാക്കാർക്ക് കൊറോണബാധ സ്ഥിരീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ അവരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും ആവശ്യമായ ഭക്ഷണം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

## IV മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## V ധനകാര്യം

2020-2021 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ

അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ II - സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ (711,19,45,000 രൂപ)

ധനാഭ്യർത്ഥന നമ്പർ III - നീതിന്യായ നിർവ്വഹണം (810,42,95,000 രൂപ)

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയേയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. എസ്. ശർമ്മ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മാതൃകാപരമായ ഭരണം കാഴ്ചവയ്ക്കുന്നതിനും വികസനസൂചികയിൽ കേരളത്തെ ഒന്നാം സ്ഥാനത്തെത്തിക്കുന്നതിനും സർക്കാരിന് സാധിച്ചിട്ടുണ്ട്. ആരോഗ്യം, വിദ്യാഭ്യാസം, ദാരിദ്ര്യനിർമ്മാജ്ജനം, സ്ത്രീസമത്വം തുടങ്ങിയ മേഖലകളിൽ അഭിമാനാർഹമായ

നേട്ടം കൈവരിക്കാനും ലൈഫ് പദ്ധതിയിലൂടെ എല്ലാവർക്കും വീട് എന്ന ലക്ഷ്യം സാക്ഷാത്കരിക്കാനും വിവിധ ഭവനപദ്ധതികൾക്ക് അടിത്തറയിടാനും കാലാവസ്ഥാ വ്യതിയാനം അതിജീവിക്കാൻ കഴിയുന്ന വിധത്തിലുള്ള പുനരധിവാസപദ്ധതികൾ നടപ്പാക്കാനും കഴിഞ്ഞിട്ടുണ്ട്. വിവരസാങ്കേതികവിദ്യാ രംഗത്തെ വികസനോന്മുഖമായ പാതയിലെത്തിക്കുന്നതിനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ക്ഷേമ-വികസന പദ്ധതികൾക്ക് കൂടുതൽ തുക വകയിരുത്തുന്നതിനും നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചാ നിരക്ക് ദേശീയ ശരാശരിയെക്കാൾ ഉയർത്താനും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ഓഖി-പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 2851 കോടി രൂപ നൽകിയതിനുപുറമെ 370000 പേർക്ക് 1216 കോടി രൂപ വിതരണം ചെയ്യാനും സർക്കാരിന് സാധിച്ചിട്ടുണ്ട്.

<u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പ്രളയദുരന്തവുമായി ബന്ധപ്പെട്ട നഷ്ടപരിഹാരം പൂർണ്ണമായും നൽകാൻ സർക്കാരിന് സാധിച്ചിട്ടില്ല. സാമ്പത്തിക പ്രതിസന്ധിക്കിടയിലും കോടിക്കണക്കിന് രൂപ സർക്കാർ ധൂർത്തടിക്കുകയാണ്. മലബാർ സിമന്റ്സിന്റെയും ആട്ടോകാസ്റ്റ് ലിമിറ്റഡിന്റെയും പ്രതിസന്ധി പരിഹരിക്കണം. ശമ്പളവും സ്ഥിരനിയമനവും

ആവശ്യപ്പെട്ട് അമ്പൂരി കുന്നത്തുമല ആദിവാസി സെറ്റിൽമെന്റിലെ ഏകാദ്ധ്യാപിക നടത്തുന്ന നിരാഹാരസമരത്തിന് പരിഹാരമുണ്ടാക്കണം.

ശ്രീ. ആർ. രാമചന്ദ്രൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേന്ദ്രസർക്കാരിന്റെ ജനദ്രോഹ നടപടികളെ പ്രതിരോധിച്ചുകൊണ്ട് പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ നടപ്പിലാക്കുന്ന സർക്കാരിനെ അഭിനന്ദിക്കുന്നു. സർക്കാർ നടത്തുന്ന ജനക്ഷേമകരമായ പ്രവർത്തനങ്ങൾക്കെതിരെയുള്ള പ്രതിപക്ഷാരോപണം അടിസ്ഥാനരഹിതമാണ്.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കഴിഞ്ഞ നാലുവർഷക്കാലമായി എടുത്തുപറയത്തക്ക നേട്ടങ്ങളൊന്നും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. പൗരത്വ രജിസ്റ്റർ തയ്യാറാക്കാനുള്ള കേന്ദ്ര സർക്കാർ സമീപനങ്ങളിൽ ജനങ്ങൾക്കുള്ള ആശങ്ക ദൂരീകരിക്കാൻ സർക്കാർ ഇടപെടൽ നടത്തണം.

ശ്രീമതി പി. അയിഷാ പോറ്റി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ക്ഷേമ പദ്ധതികൾക്കുള്ള തുകയിൽ വെട്ടിക്കുറവ് വരുത്താതെ 98.8 കോടി രൂപ മിച്ചം കാണിച്ച് വികസനവും ജനക്ഷേമവും ഒരുപോലെ സാദ്ധ്യമാക്കാൻ സാധിച്ച ബജറ്റാണിത്. കേരളത്തിന്റെ സാമ്പത്തിക വളർച്ചാനിരക്ക് ദേശീയ വളർച്ചാ

നിരക്കിനേക്കാൾ മുന്നിലെത്തിക്കാൻ സാധിച്ചതും സംസ്ഥാന വരുമാനത്തിൽ വ്യവസായ മേഖലയുടെ 13.2 ശതമാനം സംഭാവന ചെയ്യാൻ സാധിച്ചതും ഈ ഗവൺമെന്റിന്റെ എടുത്തുപറയത്തക്ക നേട്ടങ്ങളാണ്. ജീവനക്കാരുടെ പുനർവിന്യാസം, ചെലവുചുരുക്കൽ, നികുതി കുടിശ്ശിക പിരിക്കൽ, ക്ഷേമാനുകൂല്യങ്ങൾ അനർഹർ കൈപ്പറ്റുന്നത് തടയൽ, എയ്ഡഡ് സ്കൂൾ മേഖലയിലെ അനിയന്ത്രിത നിയമനങ്ങൾക്ക് കടിഞ്ഞാണിടൽ എന്നീ നടപടികൾ സ്വാഗതാർഹമാണ്. കൃഷി, വിദ്യാഭ്യാസം, ആരോഗ്യം, പൊതുമരാമത്ത് തുടങ്ങിയ മേഖലകളിൽ സ്തുത്യർഹമായ നേട്ടം കൈവരിക്കാൻ സാധിച്ചത് ശ്രദ്ധേയമാണ്. സർക്കാർ ജീവനക്കാരുടെ കാര്യക്ഷമതയും പ്രതിബദ്ധതയും വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. ജെ. ജോസഫ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇറിഗേഷൻ, വനം വകുപ്പുകൾ സംയോജിച്ച് വനത്തിൽ ചെക്ക് ഡാമുകൾ, തടയണകൾ, കുളങ്ങൾ, വേലികൾ എന്നിവ നിർമ്മിക്കുന്നതിനും ഈറ്റ, മുള, പ്ലാവ്, ആഞ്ഞിലി എന്നിവ കൃഷി ചെയ്യുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. സി. ജോർജ്</u>: സഭയിൽ സൗഹൃദാന്തരീക്ഷം നിലനിർത്താൻ അംഗങ്ങൾ സഹകരിക്കണം. അംഗീകാരങ്ങൾ ലഭിക്കുന്നവരെ പാർട്ടി/വ്യക്തി ഭേദമെന്യേ ബഹുമാനിക്കാനുള്ള മര്യാദ കാണിക്കണം.

ശ്രീ. സി. കെ. നാണു: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുവിദ്യാലയങ്ങളെ ശക്തിപ്പെടുത്തി കൂടുതൽ കുട്ടികളെ ആകർഷിക്കുന്നതിനും പ്രളയത്തിൽ തകർന്ന റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും സർക്കാരിന് സാധിച്ചിട്ടുണ്ട്.

ശ്രീ. പി. ടി. തോമസ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പി.എസ്.സി. നടത്തിയ കെ.എ.എസ്. പരീക്ഷ റദ്ദാക്കാനും പരീക്ഷയുമായി ബന്ധപ്പെട്ട ക്രമക്കേടുകളെപ്പറ്റി ജുഡീഷ്യൽ അന്വേഷണം നടത്തി പരീക്ഷ വീണ്ടും നടത്താനും തയ്യാറാകണം. കോടതിമുറികൾ ആധുനികവൽക്കരിക്കാൻ നടപടി സ്വീകരിക്കണം. പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഓഡിറ്റ് നടത്താത്തത് സംബന്ധിച്ച് പരിശോധിക്കണം.

ശ്രീ. എ. എൻ. ഷംസീർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഗെയിൽ പൈപ്പ് ലൈൻ, എൽ.എൻ.ജി. ടെർമിനൽ, തലശ്ശേരി-മാഹി ബൈപ്പാസ് തുടങ്ങിയവ യാഥാർത്ഥ്യമാക്കാനും ദേശീയപാതകളുടെ നവീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാനും സാധിച്ചിട്ടുണ്ട്. കോടതി കെട്ടിട നവീകരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനും ജയിലുകളുടെ റവന്യൂ വരുമാനം വർദ്ധിപ്പിക്കാനും കിഫ്ബിയിലൂടെ 50,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കാനും കേരള ബാങ്ക് യാഥാർത്ഥ്യമാക്കാനും ലൈഫ് പദ്ധതിയിലൂടെ

2,14,144 വീടുകൾ നിർമ്മിക്കാനും സർക്കാരിന് കഴിഞ്ഞു.

ശ്രീ. ഒ. രാജഗോപാൽ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. രാജ്യപുരോഗതിക്ക് വേണ്ടി യോജിച്ച് പ്രവർത്തിക്കാൻ കഴിയത്തക്ക രീതിയിൽ സർക്കാരിന്റെ പ്രവർത്തന ശൈലിയിൽ മാറ്റം വരുത്തണം.

ശ്രീ. പി. ടി. എ. റഹീം: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നീതി ആയോഗിന്റെ സുസ്ഥിര വികസന സൂചികയിൽ ഒന്നാം സ്ഥാനത്തെത്താൻ കഴിഞ്ഞത് അഭിമാനാർഹമാണ്. ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായം യഥാസമയം അർഹരായവർക്ക് ലഭ്യമാക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. സി.&എ.ജി റിപ്പോർട്ടിന്റെ പേരിൽ സർക്കാരിനെ പ്രതിക്കൂട്ടിലാക്കാനുള്ള പ്രതിപക്ഷ ശ്രമം ദുരുദ്ദേശപരമാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ലൈഫ് പദ്ധതി മുഖേന രണ്ടുലക്ഷത്തിലധികം വീടുകൾ നിർമ്മിച്ചു നൽകിയ സർക്കാർ നടപടി ശ്ലാഘനീയമാണ്. മുടങ്ങിക്കിടന്ന ഗെയിൽ പൈപ്പ് ലൈനടക്കമുള്ള വികസന പദ്ധതികൾ പൂർത്തീകരിക്കുന്നതിനും ആർദ്രം പദ്ധതിയിലൂടെ ആരോഗ്യമേഖലയിൽ വിപ്ലവകരമായ മാറ്റങ്ങളുണ്ടാക്കുന്നതിനും സർക്കാരിന് സാധിച്ചു. സർക്കാർ സ്കൂളുകളെ മികച്ച നിലവാരത്തിലെത്തിക്കുന്നതിനും കിഫ്ബി മുഖേന അമ്പതിനായിരം കോടി രൂപയുടെ വികസന പദ്ധതികൾ

നടപ്പാക്കുന്നതിനും നടപടി സ്വീകരിച്ചു. പൗരത്വനിയമ ഭേദഗതിക്കെതിരെയുള്ള സർക്കാർ നിലപാട് രാജ്യത്തിനാകെ മാതൃകയാണ്.

ശ്രീ. ഇ. കെ. വിജയൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വിവിധ മേഖലകളിൽ ദേശീയ/അന്തർദ്ദേശീയ തലത്തിൽ മികച്ച ബഹുമതികൾ സ്വായത്തമാക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ക്ഷേമപെൻഷനുകൾ വർദ്ധിപ്പിച്ചതും 13 ലക്ഷം വയോജനങ്ങൾക്ക് പുതിയതായി പെൻഷൻ കൊടുക്കാൻ സാധിച്ചതും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ധനസഹായം വർദ്ധിപ്പിച്ചതും രണ്ടരലക്ഷം വീടുകൾക്കുകൂടി കുടിവെള്ള കണക്ഷൻ നൽകിയതും പ്രവാസി ക്ഷേമനിധി അംഗത്വം വർദ്ധിപ്പിച്ചതും എടുത്തുപറയത്തക്ക നേട്ടങ്ങളാണ്. ചെറുകിട മേഖലയിൽ കൂടുതൽ പുതിയ സ്ഥാപനങ്ങൾ ആരംഭിക്കാനും മാന്ദ്യത്തെ അതിജീവിക്കാനും നാണ്യവിളകളുടെ വിലത്തകർച്ച മറികടക്കാനും സർക്കാരിന് കഴിഞ്ഞു. ലൈഫ് മിഷനിലൂടെ എല്ലാവർക്കും വീട് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം.

ശ്രീ. എം. ഉമ്മർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇ-ഫയലിംഗ് സംവിധാനം നടപ്പാക്കുന്നതിനായി കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടും 44% ഫയലുകൾ മാത്രമാണ് തീർപ്പാക്കാൻ സാധിച്ചത്. വഖഫ് ബോർഡിന്റെ കീഴിലുള്ള നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാൻ ഓർഡിനൻസ് കൊണ്ടുവരണം.

ശ്രീ. റ്റി. വി. രാജേഷ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സാമ്പത്തിക പ്രതിസന്ധിക്കിടയിലും അടിസ്ഥാന സൗകര്യവികസനത്തിനും ക്ഷേമപ്രവർത്തനങ്ങൾക്കും ഊന്നൽ നൽകി മാതൃകാ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന സർക്കാരിനെ അഭിനന്ദിക്കുന്നു. ക്ലാസ്മുറികൾ ഹൈടെക് ആക്കിമാറ്റിയതും അദ്ധ്യയനവർഷം ആരംഭിക്കുന്നതിനുമുൻപുതന്നെ പാഠപുസ്തകങ്ങൾ വിതരണം ചെയ്യാൻ കഴിഞ്ഞതും അർഹരായ എല്ലാവർക്കും ക്ഷേമപെൻഷനുകൾ നൽകിയതും സർക്കാരിന്റെ സാമൂഹ്യ പ്രതിബദ്ധത വ്യക്തമാക്കുന്നതാണ്. സമയബന്ധിതമായ ഇടപെടലിലൂടെ കൊറോണ വൈറസ് ബാധ പ്രതിരോധിക്കാനായത് സർക്കാരിന്റെ നേട്ടമാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ധൂർത്തും അഴിമതിയും സ്വജനപക്ഷപാതവുമാണ് ഈ സർക്കാരിന്റെ മുഖമുദ്ര. പൊതുഭരണ വകുപ്പ് തീർത്തും പരാജയമാണ്. സത്യസന്ധരായ ഐ.എ.എസ്. ഉദ്യോഗസ്ഥർക്ക് കേരളത്തിൽ പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യമില്ലാത്ത സാഹചര്യമാണുള്ളത്. റീബിൽഡ് കേരള പദ്ധതിക്ക് ബജറ്റിൽ വകയിരുത്തിയ തുക ചെലവഴിക്കാനോ കിഫ്ബിയിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ പ്രാവർത്തികമാക്കാനോ സാധിച്ചിട്ടില്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ലൈഫ് പദ്ധതിയിലൂടെ 214262 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. കേരള പുനർനിർമ്മാണ പദ്ധതിക്കായി ലോകബാങ്കിൽനിന്നും ആദ്യഗഡുവായി 1750 കോടി രൂപ അനുവദിക്കുകയും രണ്ടാം ഗഡു ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയുമാണ്. കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, ഉപജീവനതൊഴിലുകൾ, റോഡ്, ജലവിതരണം എന്നീ മേഖലകളിലായി സമർപ്പിക്കപ്പെട്ട പദ്ധതികൾ നിർവ്വഹണഘട്ടത്തിലാണ്. സംസ്ഥാനത്തിന്റെ പദ്ധതി ചെലവ് മുൻവർഷങ്ങളേക്കാൾ മെച്ചപ്പെടുത്താനും പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ജയിലുകളിൽ വീഡിയോ കോൺഫറൻസ് മുഖേന കോടതി നടപടികൾ നടത്തുന്നതിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. 27 ഗ്രാമ നീതിന്യായാലയങ്ങൾ ആരംഭിക്കുകയും എം.എൽ.എ.-മാരുടെ കേസുകൾ കൈകാര്യം ചെയ്യുന്നതിനായി എറണാകുളത്ത് പുതിയ കോടതിയും അട്ടപ്പാടിയിൽ മുൻസിഫ് മജിസ്ട്രേട്ട് കോടതിയും സ്ഥാപിക്കുകയും സബോർഡിനേറ്റ് ജുഡീഷ്യറിയിൽ 478 തസ്തികകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2020 ജനുവരി 31 വരെ 127595 പേർക്ക് പി.എസ്.സി. നിയമനശിപാർശ നൽകിയിട്ടുണ്ട്. 679 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകുകയും 347 പദ്ധതികൾ ടെണ്ടർ ചെയ്യുകയും 43 പദ്ധതികൾ കമ്മീഷൻ ചെയ്യുകയും 4773.69 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ മുന്നേറാനും സാമൂഹിക സുരക്ഷാ പെൻഷൻ വർദ്ധിപ്പിക്കാനും കേരളാ ബാങ്ക് രൂപീകരിക്കാനും സെക്രട്ടേറിയറ്റിൽ 48 ശതമാനത്തോളം ഫയലുകൾ തീർപ്പാക്കാനും മുന്നാക്ക സമുദായങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് സംവരണം നടപ്പാക്കാനും സർക്കാരിന് സാധിച്ചു. സുതാര്യവും സമയബന്ധിതവുമായി പ്രളയദുരിതാശ്വാസ സഹായം നൽകിയിട്ടുണ്ട്. ലോക കേരളസഭയുമായി സഹകരിക്കാൻ പ്രതിപക്ഷം തയ്യാറാകണം. സംസ്ഥാനത്ത് പൗരത്വ ഭേദഗതി നിയമം നടപ്പാക്കാൻ ഉദ്ദേശിക്കുന്നില്ല. ദേശീയ ജനസംഖ്യ രജിസ്റ്റർ തയ്യാറാക്കുന്നതിന്റെ ഭാഗമായി എന്യൂമറേഷൻ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. സെൻസസുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെ സംബന്ധിച്ച് രാഷ്ട്രീയ പാർട്ടികളുമായി ചർച്ച ചെയ്ത് വ്യക്തത വരുത്തുന്നതാണ്. നീതി ആയോഗിന്റെ സുസ്ഥിര വികസന സൂചികയിൽ തുടർച്ചയായി രണ്ടാംവർഷവും കേരളം ഒന്നാം സ്ഥാനത്താണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയും 37-നെതിരെ 78 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ വൈകുന്നേരം 4.23-ന് പിരിഞ്ഞു.)